**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4437** **10-08-2021 - ൽ മറുപടിയ്ക്ക്**

**അപ്പർ കുട്ടനാട്ടിലെ നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അപ്പർ കുട്ടനാടൻ കൃഷിനിലങ്ങളിൽ നെൽകൊയ്ത്ത് കഴിഞ്ഞാൽ നെല്ല് സംഭരണത്തിന്റെ സമയത്തുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാര മാനദണ്ഡം അനുസരിച്ചാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. കുട്ടനാടൻ / അപ്പർ കുട്ടനാടൻ കൃഷി നിലങ്ങളിൽ ചില സമയങ്ങളിൽ ക്രേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പരിധിയിൽ കവിഞ്ഞ അളവിൽ ഈർപ്പം, പതിര്, രോഗബാധയുള്ള നെല്ല് എന്നിവ കാണപ്പെടാറുണ്ട്. ഇക്കാരണത്താൽ സംഭരണ സമയത്ത് തർക്കങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നി രുന്നാലും ഇത്തരത്തിലുള്ള പ്രശ്നങ്ങളെല്ലാം പരിഹരിച്ച് നിശ്ചിത ഗുണനിലവാരമുള്ള നെല്ല് സമയബന്ധിതമായി സപ്ലൈകോ കർഷകരിൽ നിന്നും സംഭരിച്ചു വരുന്നു. 2020-21 സീസണിൽ ആലപ്പുഴ ജില്ലയിൽ നിന്ന് 159769. 730 ടൺ നെല്ല് സംഭരിച്ചു. |
| (ബി) | സ്വകാര്യ മില്ലുടമകൾ വിലപേശൽ നടത്തി കുറഞ്ഞ വിലയ്ക്ക് നെല്ല് സംഭരണം നടത്തി കർഷകരെ ചൂഷണംചെയ്യുന്നതു തടയാൻ നടപടി സ്വീകരിക്കുമോ; | (ബി) | സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകൾ സപ്ലൈകോ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് നെല്ല് സംഭരിക്കുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള നെല്ലിന്റെ സംഭരണ വില കർഷകർക്ക് നൽകുന്നത് സപ്ലൈകോയാണ്. കൂടാതെ നെല്ല് എടുക്കുന്നത് സപ്ലൈകോ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. ആയതിനാൽതന്നെ സംഭരിക്കുന്ന നെല്ലിന്റെ വിലയിന്മേൽ വിലപേശൽ നടക്കാറില്ല. |
| (സി) | അപ്പർ കുട്ടനാടൻ കൃഷിനിലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന നെല്ലിന് ന്യായവില ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കർഷക-രജിസ്ട്രേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാര മാന ദണ്ഡങ്ങൾ നോക്കിയാണ് സപ്ലൈകോ അപ്പർ കുട്ടനാടൻ കൃഷിനിലങ്ങളിൽ ഉത്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണ വില പൂർണ്ണമായും കർഷകർക്ക് നൽകുകയും ചെയ്യുന്നുണ്ട്. നിലവിൽ സംഭരണം അവസാനിച്ച 2020-21 സീസണിൽ രാജ്യത്തെ തന്നെ മികച്ച വിലകളിൽ ഒന്നായ 27.48 രൂപ / |

| | | | |
|---|---|---|---|
| | | | കി.ഗ്രാം നിരക്കിലാണ് നെല്ല് സംഭരിച്ചിട്ടുള്ളത്. 2021 സെപ്റ്റംബർ മാസം തുടങ്ങുന്ന അടുത്ത സീസൺ മുതൽ സംഭരിക്കുന്ന നെല്ലിന് സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി ഇനത്തിൽ കി.ഗ്രാമിന് 52 പൈസ കൂടി വർധിപ്പിച്ച് സംഭരണവില കിലോയ്ക്ക് ആകെ 28 രൂപ ആക്കിയിട്ടുണ്ട്. സംഭരണ വില സംബന്ധിച്ച് ജനങ്ങൾക്ക് പത്രമാധ്യമങ്ങൾ മുഖേന അറിയിപ്പ് നൽകാറുണ്ട്. |
| (ഡി) | പുതുതായി എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം മികച്ച രീതിയിൽ തന്നെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. നെല്ല് സംഭരണം ഒരു സർക്കാർ പദ്ധതി ആയതിനാൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുതന്നെയാണ് നിലവിൽ സംഭരണം നടക്കുന്നത്. നെല്ല് സംഭരണ പ്രക്രിയ സുതാര്യവും കുറ്റമറ്റതും ആക്കുന്നതിനായി കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം ആധാർ വെരിഫിക്കേഷനിൽ അധിഷ്ഠിതമായി കർഷക രജിസ്ട്രേഷൻ നടത്തുവാനും കർഷകർക്ക് ലഭിക്കുവാനുള്ള തുക കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാർ പേയ്മെന്റ് സംവിധാനമായ പി.എഫ്.എം.എസ്. മുഖേന തുക നൽകുവാനും കർഷക രജിസ്ട്രേഷൻ സമയത്ത് കർഷകർ നൽകുന്ന സ്ഥലത്തിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി സർക്കാരിന്റെ ലാന്റ് റെക്കോഡ് പോർട്ടലുമായി ബന്ധിപ്പിച്ച ഓൺലൈൻ പരിശോധനാ സംവിധാനവും നടപ്പിലാക്കു വാൻ ഉദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ